STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.446/PR/SPMC/PHQ/2021 Date :03.10.2021

## പോലീസിന്റെ കൃത്യനിർവഹണം നിയമപരവും നടപടിക്രമങ്ങൾക്ക് അനുസൃതവുമാണെന്ന് ഉറപ്പുവരുത്തണമെന്ന് മുഖ്യമന്ത്രി

ക്രമസമാധാനപാലനനിർവ്വഹണവും കുറ്റാന്വേഷണവും നടത്തുന്നതോടൊപ്പം തന്നെ കോവിഡ് പ്രതിരോധരംഗത്ത് നാടിൻെറ ആവശ്യത്തിനനുസരിച്ച് ഉണർന്ന് പ്രവർത്തിക്കാൻ പോലീസിന് കഴിഞ്ഞതായി മുഖ്യമന്ത്രി പറഞ്ഞു. സ്റ്റേഷൻ ഹൗസ് ഓഫീസർമാർ മുതൽ ഡി.ജി.പി വരെയുള്ളവരുടെ ഓൺലൈൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രശംസനീയമായ നിലയിൽ സേവനമനുഷ്ഠിക്കുന്ന സേനയുടെ യശസ്സിനെ ബാധിക്കുന്ന സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. വ്യക്തിപരമായി മാനസികസമ്മർദ്ദം ഉണ്ടായാൽ അത് പൊതു ജനങ്ങളോടുള്ള ഇടപെടലിൽ പ്രതിഫലിക്കരുത്. സമചിത്തതയോടെയും പ്രകോപനപരമല്ലാതെയും പൊതുജനങ്ങളോട് പെരുമാറാൻ കഴിയണം. കൃത്യനിർവഹണം നിയമപരവും നടപടിക്രമങ്ങൾക്ക് അനുസൃതവുമാണെന്ന് ഉറപ്പുവരുത്തണം.

പോലീസിനെ അനാവശ്യമായി കുറ്റപ്പെടുത്തുന്ന പ്രവണത പൊതുവേ കണ്ടുവരുന്നു. പോലീസിനെ ദുർബലപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒരു വിഭാഗമാണ് ഇതിനു പിന്നിൽ. പോലീസിനെതിരെ പരാതികൾ ഉയരുമ്പോൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാരും സബ്ഡിവിഷൻ ഓഫീസർമാരും അക്കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ തിരുത്തൽ നടപടികൾ സ്വീകരിക്കണം.

പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റത്തിലും പ്രവൃത്തിയിലും നല്ല സൂക്ഷ്മതവേണം. സഹപ്രവർത്തകർക്ക് മാതൃകയാകുന്ന പ്രവർത്തനം കാഴ്ച വയ്ക്കണം. തങ്ങളുടെ എല്ലാ പ്രവൃത്തികളും സമൂഹവും സഹപ്രവർത്തകരും വീക്ഷിക്കുന്നുണ്ടെന്ന ബോധം എല്ലാ ഉദ്യോഗസ്ഥർക്കും വേണം. വിമർശനം ഉണ്ടാകാനിടയുള്ള

പ്രവൃത്തികളിൽ നിന്ന് ഉദ്യോഗസ്ഥർ വിട്ടുനിൽക്കണം. അടുപ്പം വേണ്ടാത്തവരുമായി അകലം പാലിക്കുക തന്നെ വേണം. ക്രിമിനൽ പശ്ചാത്തലമുള്ള വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും ഉയർന്ന ഉദ്യോഗസ്ഥരുമായി സൗഹൃദം സ്ഥാപിക്കാൻ ശ്രമിക്കും. ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം. ഇന്റലിജൻസ് വിഭാഗത്തിൻെറ പരിശോധന ഇല്ലാത്ത പരിപാടികളിൽ പോലീസ് ഉദ്യോഗസ്ഥർ പങ്കെടുക്കാതിരിക്കുന്നതാണ് നല്ലത്.

മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ പൊലീസ് സ്റ്റേഷനുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തണം. പരാതികൾ നേരിട്ട് കേൾക്കണം. ഗുരുതരമായ കുറ്റകൃത്യങ്ങൾ സംഭവിച്ചാൽ ഉടൻതന്നെ ജില്ലാ പോലീസ് മേധാവിമാർ അടക്കം സംഭവസ്ഥലത്ത് എത്തണം. ഗുരുതരമായ കുറ്റകൃത്യങ്ങളിൽ യഥാസമയം കുറ്റപത്രം നൽകുന്നുവെന്ന് സബ്ഡിവിഷൻ പോലീസ് ഓഫീസർമാർ ഉറപ്പുവരുത്തണം.

കീഴുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ ജില്ലാ പോലീസ് മേധാവിമാർ ശ്രദ്ധിക്കണം. ഡ്യൂട്ടി, പാർപ്പിടം, മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്, യാത്രാബത്ത, സാമ്പത്തികകാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അനുഭാവപൂർവ്വം കേൾക്കണം. അവരുടെ ക്ഷേമം ഉറപ്പാക്കാനായി സാധ്യമായതെല്ലാം ചെയ്യണം.

സംസ്ഥാനത്ത് കസ്റ്റഡി മർദ്ദനവും കസ്റ്റഡി മരണവും ഉണ്ടാകാൻ പാടില്ല. ഇത്തരം സംഭവങ്ങൾ സർക്കാർ ഗൗരവമായി കാണും. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം അനുസരിച്ചാണ് പോലീസിന്റെ പ്രതിച്ഛായ രൂപീകൃതമാകുന്നത്. പോലീസ് സ്റ്റേഷനുകളിൽ കിട്ടുന്ന പരാതികൾക്ക് നിയമപരമായ പരിഹാരം ഉണ്ടാകണം. ഒരു പരാതിയും അവഗണിക്കപ്പെടരുത്. നിയമപരമായ പരിമിതികൾ മൂലം നടപടി സ്വീകരിക്കാനാകാത്ത പരാതികളിൽ അക്കാര്യം ചൂണ്ടിക്കാട്ടി പരാതിക്കാർക്ക് മറുപടി നൽകണം. പോലീസ് സ്റ്റേഷനുകളിൽ നൽകുന്ന പരാതികൾക്ക് രസീത് നൽകിയില്ലെങ്കിൽ നടപടി സ്വീകരിക്കും. രസീത് നൽകാനുള്ള ചുമതല സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർക്ക് നൽകണം. പല പോലീസ് സ്റ്റേഷനുകളിലും ഇമെയിൽ വഴി ലഭിക്കുന്ന പരാതികൾക്ക് പരിഹാരം ഉണ്ടാകുന്നില്ലെന്ന പരാതി പരിഹരിക്കണം. ഓൺലൈൻ പരാതികൾക്കും രസീത് നൽകണം. എഫ്.ഐ.ആറിന്റെ പകർപ്പും അന്വേഷണ പുരോഗതിയും പരാതിക്കാർക്ക് നിയമാനുസൃതം നൽകണം.

പോലീസിൻെറ ഭാഷയും പെരുമാറ്റവും അങ്ങേയറ്റം മാന്യതയോടെയും സഹായമനസ്കതയോടെയും ആയിരിക്കണം. പോലീസ് സ്റ്റേഷനിൽ വരുന്നവർക്ക് ഏറെ സമയം വെറുതെ കാത്തിരിക്കുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല.

സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങളിൽ ഉടനടി നടപടി വേണം. ഇരകളുടെ സുരക്ഷ ഉറപ്പാക്കാൻ കഴിയണം. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ സ്റ്റേഷൻ ഹൗസ്

ഓഫീസർമാർ തന്നെ അന്വേഷിക്കണം. ഇത്തരം കേസുകൾ പ്രതിമാസ യോഗത്തിൽ ജില്ലാ പോലീസ് മേധാവിമാർ പ്രത്യേകം അവലോകനം ചെയ്യണം. 90 ദിവസത്തിനകം കുറ്റപത്രം നൽകാനാകാത്ത എല്ലാ കേസുകളും പ്രത്യേകം അവലോകനം ചെയ്യുകയും അതിനുള്ള കാരണം ഡി.ഐ.ജി മാരെ ബോധ്യപ്പെടുത്തുകയും വേണം. പ്രണയനൈരാശ്യം മൂലമുള്ള അതിക്രമങ്ങൾ തടയാൻ ശക്തമായ നടപടി വേണം. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരോട് അനുഭാവപൂർണമായ സമീപനം സ്വീകരിക്കുകയും അവർക്ക് നിയമപരമായ കാര്യങ്ങൾ ഉറപ്പാക്കുകയും വേണം. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകളിൽ അടിയന്തര നടപടി സ്വീകരിക്കണം. മുതിർന്ന പൗരന്മാർക്ക് ആവശ്യമായ നിയമ സഹായം നൽകണം. ജനമൈത്രി പദ്ധതി പ്രകാരം, ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരന്മാരെ സന്ദർശിക്കുന്നത് പൂർവ്വാധികം ഭംഗിയായി തുടരണം.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ അഴിമതിയും നിയമവിരുദ്ധ പ്രവർത്തനവും അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. മണ്ണുമാഫിയ, റിയൽ എസ്റ്റേറ്റ് എന്നിവരുമായുള്ള അവിശുദ്ധ കൂട്ടുകെട്ട് പോലീസിന് കളങ്കം ഏൽപ്പിക്കുന്നു. തങ്ങളുടെ അധികാരപരിധി അഴിമതിരഹിതമാണെന്ന് ഉയർന്ന ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണം. ഹണി ട്രാപ്പ് മുതലായ ചതികളിൽ പോലീസ് പെടുന്നത് കളങ്കം ഏൽപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു. സൈബർ കുറ്റകൃത്യം തടയുന്നതിന്റെ ഭാഗമായി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ രൂപീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പോലീസിൽ ആധുനികവൽക്കരണം മുന്നോട്ടു കൊണ്ടുപോകും. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ വിപുലീകരണത്തിന് വിരമിച്ച പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കും. പോലീസ് ഉദ്യോഗസ്ഥർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകും. കൃത്യനിർവഹണത്തിനിടെ പോലീസിനെതിരെ ഉണ്ടാകുന്ന അക്രമങ്ങളിൽ കർശന നടപടി സ്വീകരിക്കും. ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ശക്തിപ്പെടുത്തും. സ്റ്റേഷൻ രേഖകൾ കൃത്യമായി പരിപാലിക്കാൻ ശ്രദ്ധ ചെലുത്തണം. യോഗത്തിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് മുഖ്യമന്ത്രിയെയും ഉദ്യോഗസ്ഥരെയും സ്വാഗതം ചെയ്തു. എ ഡി ജി പി കെ പത്മകുമാർ നന്ദി പറഞ്ഞു.

യോഗത്തിൽ പങ്കെടുക്കാൻ പോലീസ് ആസ്ഥാനത്തെത്തിയ മുഖ്യമന്ത്രിക്ക് ഗാർഡ് ഓഫ് ഓണർ നൽകി. മുതിർന്ന ഉദ്യോഗസ്ഥർ അദ്ദേഹത്തെ സ്വീകരിച്ചു.

***********************